പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 111 — 14.06.2012- ൽ മറുപടിക്ക്

## പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള പദ്ധതി തയ്യാറാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ബി അബ്ദുൾ റസാക്<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി കണ്ട് അവ നേരിടുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ജില്ലാതലത്തിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് അവ നേരിടുന്നതിനായി വിശദമായ പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ഹസാർഡ് വൾണറബിലിറ്റി റിസ്ക് അസസ്മെന്റ് സെൽ (HVRA Cell) രൂപീകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രവർത്തിച്ചു വരുന്നു. പ്രകൃതി ദുരന്തങ്ങളോട് പ്രതികരിക്കുന്നതിനായും പ്രതികരണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. ദുരന്ത സമയങ്ങളിൽ സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഉണ്ടാകാവുന്നതും, നേരിടേണ്ടി വരുന്നതുമായ ദുരന്തങ്ങളുടെ |

| | | | |
|---|---|---|---|
| | | | ആഘാത ലഘൂകരണ ത്തിനായുള്ള പദ്ധതികൾ വിവിധങ്ങളായ ശാസ്ത്ര സാങ്കേതിക ഏജൻസികളുമായി സഹകരിച്ചുകൊണ്ട് ഈ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുവാൻ രൂപപ്പെടുത്തി വരുന്നു. |
| (ബി) | ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിന്റെ സ്രോതസും ആയതിനു 2011-12 കാലയളവിൽ ലഭിച്ച തുകയും വ്യക്തമാക്കുമോ ; | (ബി) | 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് അഥവാ സംസ്ഥാന ദുരന്ത നിവാരണ നിധി (എസ്.ഡി.ആർ.എഫ്) യിൽ നിന്നാണ് സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള തുക പ്രധാനമായും കണ്ടെത്തുന്നത്. 75% കേന്ദ്ര സഹായവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുന്ന ഈ നിധി 2010-11 മുതൽ 2014-15 വരെയുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളിലേക്കാണ് രൂപീകരിച്ചിട്ടുള്ളത്. ഒരു വർഷം ചിലവഴിക്കാതെ അവശേഷിക്കുന്ന തുക അടുത്ത വർഷത്തേക്ക് വകയിരുത്തപ്പെടുമെന്നതിനാൽ എസ്.ഡി. ആർ.എഫ് ലെ തുക നഷ്ടപ്പെടുന്നില്ല. ഇപ്രകാരം 2011-12 ലെ എസ്.ഡി.ആർ.എഫ് വിഹിതമായ 137.63 കോടി രൂപയും 2010-11 ൽ ചെലവഴിക്കാതെ വന്ന 37.11 കോടി രൂപ ഉൾപ്പെടെ ₹ 174.74 കോടി രൂപയാണ് 2011-12 കാലയളവിൽ എസ്.ഡി.ആർ.എഫ്-ൽ ഉണ്ടായിരുന്നത്. ഇതിനുപരിയായി പേമാരിയിൽ വീട് നഷ്ടപ്പെടുന്നവർക്ക് വർദ്ധിപ്പിച്ച നഷ്ടപരിഹാര തുക നൽകുന്നതിനായി 7 കോടി രൂപയും മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിന് 2 കോടി രൂപയും സംസ്ഥാന ഖജനാവിൽ നിന്നും പ്രത്യേകമായി 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്നു. |
| (സി) | സംസ്ഥാനത്തിനു നേരിടേണ്ടിവരാവുന്ന പ്രകൃതിദുരന്തങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (സി) | 1) വെള്ളപൊക്കം<br>2) ഉരുൾ പൊട്ടൽ<br>3) ഇടിമിന്നൽ |

| | | | |
|---|---|---|---|
| | | | 4) തീരശോഷണം (Coastal hazards)<br>5) വരൾച്ച<br>6) ഭൂകമ്പം എന്നിവയാണ് നിലവിൽ സംസ്ഥാനത്ത് നേരിടേണ്ടി വരാവുന്ന പ്രകൃതി ദുരന്തങ്ങൾ. |
| (ഡി) | എങ്കിൽ അവ പ്രതിരോധിക്കാനായി എന്തൊക്കെ ആധുനിക ഉപകരണങ്ങൾ കരുതണമെന്നും, അവ അവശ്യഘട്ടത്തിൽ ഉപയോഗിക്കുന്നതിനായി നൽകിക്കൊണ്ട് ഏതൊക്കെ സംസ്ഥാന ഏജൻസികളെ സജ്ജരാക്കണമെന്നതും സംബന്ധിച്ച രൂപരേഖയുണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) | ഇല്ല. ദുരന്ത സാഹചര്യങ്ങളിൽ പോലീസ്, ഫയർഫോഴ്സ്, ആരോഗ്യം, പൊതുമരാമത്ത്, ജലസേചനം, സൈനിക സേനാ വിഭാഗങ്ങൾ, അർദ്ധ സൈനിക സേനാ വിഭാഗങ്ങൾ തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് അടിയന്തിര നടപടികൾ ദുരന്തനിവാരണ അതോറിറ്റി സ്വീകരിച്ചു വരുന്നു. പ്രസ്തുത ഏജൻസികളുടെ പക്കലുള്ള ഉപകരണങ്ങളും സാങ്കേതിക വിദ്യകളും ഈ അവസരത്തിൽ ഉപയുക്തമാക്കാറുണ്ട്. കൂടാതെ എല്ലാ വർഷവും മൺസൂണിന് മുൻപ് ഈ ഏജൻസികളുമായി സംയുക്ത ചർച്ച നടത്തി മുൻകരുതൽ നടപടികളും സ്വീകരിക്കാറുണ്ട്. ജില്ലാ കളക്ടർമാരെയും വിളിച്ചു കൂട്ടി വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ